1

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238 — 08.07.2015-ൽ മറുപടിക്ക്

**ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉള്ള കുട്ടികൾക്കുവേണ്ടിയുള്ള ക്ലിനിക്കുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>,, പി. തിലോത്തമൻ :<br>,, ചിറ്റയം ഗോപകുമാർ :<br>,, ഇ. ചന്ദ്രശേഖരൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ബുദ്ധിമാന്ദ്യവും ഓട്ടിസവും ഉൾപ്പെടെയുള്ള രോഗങ്ങളുള്ള കുട്ടികൾക്കുവേണ്ടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; എവിടെയെല്ലാം ; | (എ) മലപ്പുറം ജില്ലയിലെ ഇടവണ്ണ, ഇടപ്പാൾ, മലപ്പുറം, കോട്ടയ്ക്കൽ എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ഓട്ടിസം ക്ലിനിക്കുകൾ ആഴ്ചയിൽ രണ്ടു ദിവസം നടത്തി വരുന്നുണ്ട്. ജില്ലാ പഞ്ചായത്താണ് ഫണ്ടുകൾ നൽകുന്നത്. കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലും ഓട്ടിസം ക്ലിനിക്ക് നടത്തി വരുന്നുണ്ട്. (ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ) |
| (ബി) പ്രസ്തുത ക്ലിനിക്കുകളിൽകൂടി എന്തെല്ലാം സേവനങ്ങളാണ് ഇത്തരം കുട്ടികൾക്ക് നൽകിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, പഠനവൈകല്യങ്ങൾ കണ്ടെത്തി അതിനുള്ള ചികിത്സ, വേണമെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സർവ്വീസുമായി ബന്ധപ്പെട്ടുള്ള ചികിത്സാ രീതികൾ നൽകി വരുന്നു. ചൈൽഡ് ഡെവലപ്പ്മെന്റ് സർവ്വീസ് കോഴിക്കോട് നിന്നും അസുഖം, ബുദ്ധി വൈകല്യം എന്നിവ കണ്ടെത്തി കുട്ടികൾക്കുള്ള തുടർ ചികിത്സയും നൽകി വരുന്നു. |
| (സി) പ്രസ്തുത ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

P [signature]

സെക്ഷൻ ഓഫീസർ